പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3167 　　　　14 .07. 2015 ൽ മറുപടിക്ക്

## ലാഭപ്രഭ പദ്ധതി

ചോദ്യം 　　　　　　　　　　　　　　　　ഉത്തരം

ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, സി.പി. മുഹമ്മദ്
,, ആർ. സെൽവരാജ്

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാന പദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (എ) | വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ.<br>കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്, എൻ.സി.സി, പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടെസ്റ്റ്പെൻ, സി.എഫ്.എൽ ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്റ്റ് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ | (ബി) | 2013 മാർച്ച് 23 ന് ആരംഭിച്ച് മെയ് 31 ന് അവസാനിച്ച ലാഭപ്രഭ സീസൺ 1 കാമ്പെയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു യഥാർത്ഥ ഉപഭോഗം.<br><br>2014 മാർച്ച് 1 മുതൽ മെയ് 31 –ന് അവസാനിച്ച ലാഭപ്രഭ സീസൺ-2 കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77 ശതമാനം അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മെയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു. |
| (സി) | പ്രസ്തുത പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | (സി) | ലാഭപ്രഭ 2013 (സീസൺ- 1) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി എഫ് എൽ സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാതു സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ -2) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി എഫ് എൽ വീതം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ